# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2928 — 20.12.2012 ൽ മറുപടിക്ക്

**അൺ എയ്ഡഡ് സ്കൂളുകളിൽ ജീവനക്കാർക്ക് മിനിമം വേതനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ബഷീർ<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എം.ഉമ്മർ. | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് മിനിമം ശമ്പളം ഉറപ്പാക്കണമെന്നതു സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(എ) സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ സംബന്ധിച്ച് കോടതിവിധി ഉണ്ട്. ഇതു സംബന്ധിച്ച് സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.A.1042/12 നമ്പർ അപ്പീലിൻമേൽ 14.9.2012 ൽ ഡിവിഷൻ ബെഞ്ച് വിധി പുറപ്പെടുവിച്ചു. സർക്കാരിന്റെ അപ്പീൽ തള്ളിക്കൊണ്ടും സ്കൂൾ മാനേജ്മെന്റുകൾ നൽകിയ റിട്ട് പെറ്റീഷനുകൾ അനുവദിച്ചുകൊണ്ടുമാണ് പ്രസ്തുത വിധി വന്നിട്ടുള്ളത്. മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ Clause (iv), (vi), (viii),(xiv) എന്നിവ സംബന്ധിച്ചാണ് പ്രസ്തുത വിധി. ഇതിന്റെ അടിസ്ഥാനത്തിൽ G.O.(M.S) 384/12/G.Edn. dated 07.12.2012 പ്രകാരം കുട്ടികളുടെ എണ്ണത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും ശമ്പളം (Clause (viii)) സംബന്ധിച്ച കോടതിവിധി അംഗീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; എങ്കിൽ അപ്പീൽ കക്ഷികൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും ശമ്പളം (Clause (viii)) സംബന്ധിച്ച കോടതിവിധി അംഗീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മറ്റു വ്യവസ്ഥകൾ റദ്ദാക്കിയതിനെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) അൺ എയ്ഡഡ് മേഖല

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അമിതഫീസും ഡൊണേഷനും വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവരെ അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിച്ച് മിനിമം ശമ്പളം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | 07.10.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 202/2011/പൊ.വി. എന്ന മാർഗ്ഗനിർദ്ദേശത്തിലെ Clause (viii) പ്രകാരം സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളിൽ അദ്ധ്യാപകർക്ക് സർക്കാർ സ്കൂളിലെ ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും അലവൻസും നൽകണമെന്ന് നിഷ്കർഷിക്കുന്നു. ശമ്പളം നിർണ്ണയിച്ചു നൽകുന്നതിന് ബഹു. ഹൈക്കോടതി സി.ബി.എസ്.ഇ യോട് നിർദ്ദേശിച്ചിരിക്കുകയാണ്. 14.02.2011 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 36/11/പൊ.വി. പ്രകാരം അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാർക്ക് വേതനം പുതുക്കി നിശ്ചയിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ